**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **12-02-2025 - ൽ മറുപടിയ്ക്ക്**

**തെങ്ങിലക്കടവ് കാൻസർ സെന്റർ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽ തെങ്ങിലക്കടവ് കാൻസർ സെന്ററിന്റെ സ്ഥലം ഏതൊക്കെ സർവ്വേ നമ്പരുകളിലായി എത്ര ഏക്കറാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് താലൂക്ക്, മാവൂർ വില്ലേജിൽ, തെങ്ങിലക്കടവ് ക്യാൻസർ സെന്ററിന്റെ സ്ഥലം, മേൽ വില്ലേജ് കണ്ണിപറമ്പ് ദേശത്ത് 128/2, 128/3, 128/5A, 127/2, 127/3, 133/3 എന്നീ റീസർവ്വെ നമ്പറുകളിലായി ആകെ 6 ഏക്കർ 34.12 സെന്റ് വിസ്തൃതിയുള്ളതാണ്. |
| (ബി) | 2010 ഡിസംബർ മാസത്തിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ പ്രസ്തുത സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തുന്നതിന് റവന്യൂ, കോഴിക്കോട് ജില്ലാ പഞ്ചായത്ത്, ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസം ഇടങ്ങിയ വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ലഭ്യമായ കോഴിക്കോട് ജില്ലാ പഞ്ചായത്തിൻറെ കീഴിലുള്ള ക്യാൻസർ കെയർ സൊസൈറ്റിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, 24.09.2024 ന് കോഴിക്കോട് ജില്ലാ കളക്ടറുടെ ചേംബറിൽ വെച്ച് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്), കോഴിക്കോട് മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ എന്നിവരടങ്ങിയ യോഗം വിളിച്ചു ചേർത്തിട്ടുള്ളതാണ്.<br><br>പ്രസ്തുത യോഗത്തിൽ സ്വീകരിച്ച തീരുമാനം പ്രകാരം, 2012 ന് പ്രസ്തുത ഭൂമിയും കെട്ടിടവും തലശ്ശേരി മലബാർ ക്യാൻസർ സെൻറർ എന്ന സ്ഥാപനത്തിന് 30 വർഷത്തേക്ക് നൽകിയ ലീസ് ഉത്തരവും, 2016 ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രസ്തുത ഭൂമി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പളിന് കൈമാറിയ ഉത്തരവും റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ DCKKD/1712/2024-12 നമ്പർ കത്ത് പ്രകാരം പ്രൊപോസൽ 30.12.2024-ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുകയും ആയതിന്മേൽ തുടർനടപടികൾ കൈകൊണ്ടുവരുന്നതുമാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരെയും ചേർത്ത് യോഗം വിളിച്ചു ചേർക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ